## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 892 — 01/03/2017-ൽ മറുപടിയ്ക്ക്.

## വേനൽക്കാലത്തെ പാലുൽപ്പാദനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ആർ രാമചന്ദ്രൻ | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | വേനൽക്കാലത്ത് പാലുൽപ്പാദനം കുറയാതെ നിലനിർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദീകരിക്കാമോ; | (എ) തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് വികസന പദ്ധതിയിലൂടെ കറവ മാടുകളെ വാങ്ങുന്നതിനുള്ള ധനസഹായം ക്ഷീരകർഷകർക്ക് ആവശ്യാധിഷ്ഠിത സഹായം കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം എന്നിവ നടപ്പിലാക്കുന്നുണ്ട്. കൂടാതെ കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ക്ഷീരകർഷക കടാശ്വാസ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.<br><br>തിരുവനന്തപുരം, എറണാകുളം മേഖല യൂണിയനുകൾ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ലിറ്ററിന് 2 രൂപ നിരക്കിൽ വേനൽക്കാല ഇൻസെന്റീവ് നൽകി വരുന്നു.<br><br>എല്ലാ മേഖല യൂണിയനുകളും സബ്സിഡി നിരക്കിൽ ആട്ടോമാറ്റിക് ഡ്രിങ്കിംഗ് ബൗളുകൾ നൽകി വരുന്നുണ്ട്. |

| | | |
|---|---|---|
| | | മലബാർ മേഖല യൂണിയൻ സബ്സിഡി നിരക്കിൽ തീറ്റപ്പുൽ വിതരണം, മിതമായ നിരക്കിൽ വയ്ക്കോൽ വിതരണം, മീനെണ്ണ, ധാതുലവണ മിശ്രിതം, ബദൽതീറ്റകളുടെ വിതരണം എന്നിവ നടത്തി വരുന്നു. |
| (ബി) | കടുത്ത ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിലെ കാലികൾക്ക് ആവശ്യമായ ജലം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ വിശദമാക്കുമോ | (ബി) ക്യാമ്പുകൾ സംഘടിപ്പിച്ച് ജലം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | വേനൽകാലത്ത് പടർന്നു പിടിക്കാൻ സാദ്ധ്യതയുള്ള രോഗങ്ങളെ പ്രതിരോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് സംസ്ഥാനത്തൊട്ടാകെ നല്കി കഴിഞ്ഞു. രോഗപ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ട്. |
| (ഡി) | വേനൽക്കാലത്ത് പാലുൽപ്പാദനം കുറയുകയും സംരക്ഷണച്ചെലവ് വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ക്ഷീരകർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് വികസന പദ്ധതിയിലൂടെ കറവ മാടുകളെ വാങ്ങുന്നതിനുള്ള ധനസഹായം ക്ഷീരകർഷകർക്ക് ആവശ്യാധിഷ്ഠിത സഹായം കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം എന്നിവ നടപ്പിലാക്കുന്നുണ്ട്. കൂടാതെ കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ക്ഷീരകർഷക കടാശ്വാസ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.<br>വരൾച്ച ഏറ്റവും കൂടുതൽ ബാധിച്ചിട്ടുള്ള പ്രദേശങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് കാലികൾക്ക് തീറ്റ, വെള്ളം തുടങ്ങിയവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.